ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തതിനാൽ എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര സീറ്റാണ് നഷ്ടമായത് ; പ്രസ്തുത സീറ്റുകൾ നിലനിർത്താൻ കഴിയാഞ്ഞതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

സീറ്റുകൾ നഷ്ടപ്പെട്ടിട്ടില്ല.

ആലപ്പുഴ മെഡിക്കൽ കോളേജ്

83 (4886) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ബഹു.മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത യോഗ തീരുമാനത്തിന്റെ നടപടിക്കുറിപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി 8-7-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

പരിയാരം ആയുർവേദ കോളേജ് ആശുപത്രിയിലെ പ്രവൃത്തികൾ

84 (4887) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരധികാരമേറ്റശേഷം കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദ കോളേജ് ആശുപത്രിയിൽ ഏതൊക്കെ പ്രവൃത്തികൾക്കും പ്രോജക്ടുകൾക്കുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്, ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തിയായവയും പൂർത്തിയാക്കാൻ ബാക്കിയുള്ളവയുടെയും വിശദാംശം നൽകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly